**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1680** **08-02-2023 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിൽ ഡിഗ്രി പ്രവേശനത്തിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തിൽ പ്ലസ് ടു കഴിഞ്ഞ എല്ലാവർക്കും സർക്കാർ, എയ്ഡഡ് കോളേജുകളിൽ പ്രവേശനം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോളേജ് വിദ്യഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിൽ 2021-2022 വർഷത്തിൽ പ്ലസ് ടു കഴിഞ്ഞ 84584 വിദ്യാർത്ഥികൾ ഡിഗ്രി കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുണ്ട്. കൂടാതെ, വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലും ബിരുദകോളേജുകളിൽ പ്രവേശനം ലഭ്യമാണ്. പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളല്ലാതെ മെഡിക്കൽ, എൻജിനിയറിംഗ്, പോളിടെക്നിക്ക്, പ്രീ-പ്രൈമറി/പ്രൈമറി അധ്യാപക പരിശീലന കോഴ്സുകൾ, വിവിധങ്ങളായ തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവയിലും പ്രവേശനം നേടാവുന്നതാണ്. |
| (ബി) | മലബാർ മേഖലയിൽ ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മലബാർ മേഖലയിൽ ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ ലഭ്യമാണ്. 2021-22ൽ കോഴിക്കോട് സർവ്വകലാശാലയിൽ 1,11,303 സീറ്റുകൾ ലഭ്യമായിരുന്നു. |
| (സി) | എങ്കിൽ ആയതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | 'ബി' പിരിവിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ